**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1835** **12-09-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ 2016-ന് ശേഷം ആരംഭിച്ച കോഴ്സുകളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ 2016-ന് ശേഷം താഴെ പറയുന്ന കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു. |
| (സി) | പ്രസ്തുത കോളേജിന്റെ വികസന കാര്യങ്ങൾക്ക് എന്തെല്ലാം പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത്; | (സി) | പ്രസ്തുത കോളേജിന്റെ വികസന കാര്യങ്ങൾക്കായി താഴെ പറയുന്ന വിവിധ പദ്ധതികൾക്ക് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് വിവിധ ഘട്ടങ്ങളായി പുരോഗമിച്ച് വരുകയാണ്.<br><br>1. Beautification work at the main entrance of the Campus<br><br>2. Construction of foot over bridge connect ing main Block and PG Block<br><br>3. Construction of Compound wall and fencing for college Campus<br><br>4. Construction of Retaining wall near Ladies' Hostel<br><br>5. Digging of Borewell |

Table in answer (എ):

| Sl No | Course | Academic Year |
|---|---|---|
| 1 | BA English Language & Litreture | 2018-19 |
| 2 | M.Com Finance | 2018-19 |
| 3 | M.Sc Mathematics | 2018-19 |
| 4 | B.Sc Applied Statistics with Data Science | 2020-21 |

| | | | |
|---|---|---|---|
| | | | 6. REPAIRING & RENOVATION OF BASKET BALL COURT<br><br>7. Setting Up of Chemistry Lab<br><br>8. Painting Work at main Building<br><br>9. Construction of compound Wall at ladies hostel<br><br>10. Tilework in the main block<br><br>11. IT Equipment purchase<br><br>12. Furniture for Hostel<br><br>13. Furniture for classrooms<br><br>14. Purchase of kitchen utensils, water purifier, incinerator<br><br>15. Construction of Compound wall for newly constructed Hostel<br><br>കിഫ്ബി ധനസഹായത്തോടുകൂടി അക്കാദമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക് എന്നിവ പൂർത്തിയായിട്ടുണ്ട്. ഇത് കൂടാതെ പ്ലാൻ ഫണ്ടിൽ ഉൾപ്പടുത്തി കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, വിദ്യാർത്ഥി പിന്തുണ ക്ഷേമ പരിപാടികൾക്കും, പഠന ബോധന അക്കാദമിക മികവുകൾക്കായും, ഗവേഷണത്തിനും മറ്റുമായി കോളേജിൽ നിന്ന് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിച്ച് നൽകാറുണ്ട്. |
| (ഡി) | ഈ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കോളേജിന്റെ ഏതു ഭാഗത്തുള്ള സ്ഥലമാണ് വിട്ടു നൽകേണ്ടത് എന്നത് സംബന്ധിച്ച് തീരുമാനമാകാത്തതിനാൽ ചുറ്റുമതിൽ നിർമ്മാണം നിർത്തി വച്ചിരിക്കുകയാണ്. |
| (ഇ) | പ്രസ്തുത കോളേജ് റോഡ്, ഗേറ്റ്, ചുറ്റു മതിൽ എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (ഇ) | എം.എൽ.എ ഫണ്ട് ഉപയോഗിച്ച് റോഡ്, ഗേറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള നിർദ്ദിഷ്ട സ്ഥലം പേരാമ്പ്ര ഗ്രാമപഞ്ചായത്ത് എൽ.ഐ.ഡി & ഇ.ഡബ്ല്യൂ സെക്ഷൻ എഞ്ചിനീയർക്ക് താൽക്കാലികമായി കോളേജ് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ